**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1799** **13-02-2025 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.യിലെ വിവിധ തസ്തികകളിലെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി.യിൽ നിലവിൽ കണ്ടക്ടർ, ഡ്രൈവർ എന്നീ വിഭാഗങ്ങളിലെ തസ്തികകളിൽ എത്ര ഒഴിവുകളുണ്ട്; പ്രസ്തുത വിഭാഗങ്ങളിൽ എത്ര താൽക്കാലിക ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ? | (എ) | പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ട് പ്രകാരം കെ.എസ്.ആർ.ടി.സി.യിലെ ബസ് - ജീവനക്കാർ അനുപാതം ദേശീയ ശരാശരിയേക്കാളും കൂടുതലാണ്. ആയതിനാൽ സ്ഥിരം കണ്ടക്ടർ, ഡ്രൈവർ തസ്തികകളിൽ ഒഴിവുകൾ നിലവിലില്ല. എന്നാൽ, ശബരിമല / മറ്റ് അവധികാല സ്പെഷ്യൽ സർവ്വീസുകൾ കാര്യക്ഷമമായി നടത്തുന്നതിനും സ്ഥിരം ജീവനക്കാരുടെ അവധി കാരണമുള്ള താൽക്കാലിക ഒഴിവുകൾ നികത്തുന്നതിനും ചുവടെ പറയുന്ന എണ്ണം ബദലി ജീവനക്കാർ (ദിവസവേതനാടിസ്ഥാനത്തിൽ) താൽക്കാലിക വ്യവസ്ഥയിൽ ജോലി ചെയ്യുന്നുണ്ട്.<br><br>കണ്ടക്ടർ : 1864<br><br>ഡ്രൈവർ : 3301 |

സെക്ഷൻ ഓഫീസർ